**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3046** **10-03-2025 - ൽ മറുപടിയ്ക്ക്**

**അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയവും മോയിൻകുട്ടി വൈദ്യർ സ്കൂൾ ഓഫ് മാപ്പിള ആർട്സും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്നും പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ; വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിലെ സർവ്വേ നം. 631/1,2,3 ൽ ഉൾപ്പെട്ട 1.8245 ഹെക്ടർ ഭൂമിയാണ് മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടിയത്. എന്നാൽ ടി ഭൂമിയിൽ മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത ഭൂമിക്ക് പകരമായി ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സാംസ്കാരിക സമുച്ചയത്തിനായി ഏറനാട് താലൂക്കിൽ അര ഏക്കർ ഭൂമി കൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ നാലര ഏക്കറിൽ തന്നെ പദ്ധതി ആരംഭിക്കുവാൻ നിർദേശം നൽകുമോ; | (ബി) | സാംസ്കാരിക വകുപ്പിന് കൈമാറി നൽകിയ ഏറനാട് താലൂക്ക് മലപ്പുറം വില്ലേജിലെ ഭൂമിയിൽ മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ മലപ്പുറം ജില്ലയിൽ പ്രസ്തുത ഭൂമിക്ക് പകരമായി ഭൂമി കണ്ടെത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പകരം ഭൂമി സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | മണ്ഡലത്തിൽ മോയിൻകുട്ടി വൈദ്യർ സ്മാരക സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയിൽ മുമ്പ് നടത്തിക്കൊണ്ടിരുന്ന മാപ്പിള കലാ പരിശീലന കോഴ്സുകൾ 2023 മുതൽ സ്കൂൾ ഓഫ് മാപ്പിള ആർട്സ് എന്ന പേരിൽ രണ്ടു വർഷത്തെയും ഒരു വർഷത്തെയും ഡിപ്ലോമ കോഴ്സുകളായി ക്രമപ്പെടുത്തി നടത്താൻ തുടങ്ങിയിട്ടുണ്ട്. അതോടൊപ്പം തന്നെ സ്കൂൾ ഓഫ് മാപ്പിള ആർട്സിൽ അഫിലിയേഷൻ നേടിക്കൊണ്ട് അക്കാദമിയിലെ സിലബസ് പ്രകാരം മാപ്പിള കലാ പഠന കോഴ്സുകൾ നടത്താൻ മറ്റു സ്വകാര്യ സ്ഥാപനങ്ങളിൽ കൂടി സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. അത് പ്രകാരം കേരളത്തിൽ എവിടെയുമുള്ള വിദ്യാർത്ഥികൾക്ക് മാപ്പിള കലകൾ അക്കാദമിയുടെ സിലബസിൽ പഠിച്ച് അക്കാദമി നടത്തുന്ന പരീക്ഷ എഴുതി അക്കാദമിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് നേടാൻ ഇപ്പോൾ സൗകര്യമുണ്ട്. |

സെക്ഷൻ ഓഫീസർ